**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - തലശ്ശേരി നഗരസഭ - ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ടി.പി.സതീശനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം./3650/2017/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/11/2017

---

പരാമർശം:- 1. ടൗൺ പ്ലാനറുടെ (വിജിലൻസ്) 04.07.2014 തീയതിയിലെ 527/14 നമ്പർ റിപ്പോർട്ടും 27.03.2017 തീയതിയിലെ സി.ടി.പി. (വിജ്) 27/17 നമ്പർ റിപ്പോർട്ടും.

2. തലശ്ശേരി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ടി.പി.സതീശന് നൽകിയ 20.10.2015 തീയതിയിലെ തസ്വഭവ-ഇ.യു.1/337/2015-ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3 . നഗരകാര്യ ഡയറക്ടറുടെ 29.08.2016 തീയതിയിലെ വി2-24795/2015 നമ്പർ കത്ത്.

**ഉത്തരവ്**

ടൗൺ പ്ലാനർ (വിജിലൻസ്) തലശ്ശേരി നഗരസഭയിൽ നടത്തിയ പരിശോധനയിൽ 18 നില വരുന്ന റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് നിർമ്മാണത്തിന് ശ്രീ.ഇ.കെ. ഈസ്സ എന്നയാൾക്ക് ഇ3/ബിഎ/851/12-13 നമ്പർ പ്രകാരം KCZMA ലംഘനത്തോടെ കെട്ടിട നിർമ്മാണ അനുമതി നൽകിയതായും കെട്ടിടം തീരദേശമേഖലയിൽ വരുന്നതാകയാൽ K C Z M A യുടെ നിരാക്ഷേപ പത്രം ഹാജരാക്കുന്നതിന് 05.03.2014 ന് അപേക്ഷകന് നോട്ടീസ് നൽകിയതായും പിന്നീട് ആയതിന് 6 മാസം സാവകാശം നൽകിയതായും, സ്ഥലത്തെ നിർമ്മാണ പ്രവർത്തനം നിർത്തിവെക്കാൻ 28.03.2014 ന് നോട്ടീസ് നൽകിയതായും WP(C) നമ്പർ 10808/2014(A) കേസിൽ ബന്ധപ്പെട്ട കെട്ടിട നിർമ്മാണം നിർത്തിവെപ്പിക്കുന്നതിന് ബഹു. ഹൈക്കോടതി 11.04.2014 ന് വിധിന്യായം പുറപ്പെടുവിച്ചതും എന്നാൽ 30.0402014 ന് KCZMA അധികൃതർക്ക് പെർമിറ്റ് അപേക്ഷ അയച്ചതും എൻ ഒ സി ലഭിച്ചിട്ടില്ലാത്തതുമായും മതിയായ പരിശോധന നിയമാനുസൃതം ശരിയായി നടത്താതെയാണ് നഗരസഭാ അധികൃതർ അനുമതി നൽകിയതെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ടി.പി.സതീശനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകുകയുമുണ്ടായി.

2 ) മേൽ പരാമർശിച്ച കെട്ടിട നിർമ്മാണാനുമതി ഫയൽ പ്രകാരം 18 നില

വരുന്ന റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് നിർമ്മാണത്തിന് ശ്രീ.ഇ.കെ. ഈസ്സ എന്നയാൾക്ക് അനുമതി നൽകുന്ന കാര്യത്തിൽ അപേക്ഷ പ്രകാരം ആവശ്യമായ പരിശോധന നടത്തി റിപ്പോർട്ട് ചെയ്യേണ്ട ഓവർസിയർ/ അസി. എഞ്ചിനീയർ നടപടി സ്വീകരിച്ച് ശുപാർശയോടെ നഗരസഭാ എക്സി. എഞ്ചിനീയർ മുഖാന്തിരം പെർമിറ്റ് ഫീ സ്വീകരിക്കാവുന്നതാണ് എന്ന് കൂടി കാണിച്ചുകൊണ്ട് ഫയൽ ലഭ്യമായതിന്റെ മുറയ്ക്കാണ് വ്യവസ്ഥയോടെ നിർമ്മാണാനുമതി നൽകിയതെന്ന് മെമ്മോയ്ക്കുള്ള മറുപടിയിൽ ശ്രീ.ടി.പി. സതീശൻ വിശദീകരിച്ചിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ്, KCZMA എന്നിവയുടെ നിരാക്ഷേപ പത്രങ്ങൾ കൂടി ഹാജരാക്കുന്നത് സംബന്ധിച്ചാണ് വ്യവസ്ഥകളെന്നും, 6 മാസം സാവകാശം പെർമിറ്റ് അനുവദിക്കുമ്പോൾ താൻ ഒന്നും തന്നെ ഫയലിൽ നിർദ്ദേശിച്ചിട്ടില്ലെന്നും മറുപടിയിൽ പറയുന്നു. നിർമ്മാണ പ്രവർത്തി നിർത്തിവെയ്ക്കുന്നതിന് 28.03.2014 ന് നോട്ടീസ് നൽകിയെന്ന് കാണിച്ചത് ശരിയാണെന്നും ആയത് സൈറ്റ് പരിശോധിച്ച് റിപ്പോർട്ട് ചെയ്ത സാങ്കേതിക വിഭാഗത്തിന്റെ ശുപാർശ പ്രകാരമാണെന്നും ഹൈക്കോടതി നിർദ്ദേശം പാലിച്ചിട്ടുണ്ടെന്നും KCZMA യിൽ നിന്നുള്ള നിരാക്ഷേപ പത്രം 10.06.2015 ന് പിന്നീട് ലഭ്യമായിട്ടുള്ളതിനാൽ C R Z നിയന്ത്രണത്തിന്റെ വിഷയത്തിൽ നടപടി പര്യാപ്തമായിട്ടുള്ളതാണെന്നും ഇക്കാര്യങ്ങൾ പരിഗണിച്ച് തന്നെ കുറ്റവിമുക്തനാക്കണമെന്നും ടിയാൻ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

3) മേൽ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.

KCZMA യിൽ വാർഡ് 50 ൽ ടൗൺ സർവ്വെ നം. 42 ൽ ശ്രീ. സി.കെ. ഈസ്സ എന്നയാൾ അപ്പാർട്ട്മെന്റ് നിർമ്മാണ അനുമതിയ്ക്കായി സമർപ്പിച്ച 28.02.2013 ലെ അപേക്ഷ പ്രകാരം പ്ലാൻ പരിശോധിച്ച് ഫയർ എൻ.ഒ.സി. ക്ക് 30.04.2013 ന് അയക്കുകയും 27.05.2013 ന് ഫയർ എൻ.ഒ.സി. ലഭിക്കുകയും ചെയ്തു. രേഖകൾ പരിശോധിച്ച് മാലിന്യ സംസ്കരണ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നു കാണിച്ചും ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുൻപായി ആയത് പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ് വരുത്തേണ്ടതും കൂടാതെ, കവറേജ്, FAR മുതലായവ സംബന്ധിച്ചും വിശദമായ കുറിപ്പുകൾ വ്യവസ്ഥകൾ സഹിതം രേഖപ്പെടുത്തി 6,67,000/- രൂപ ഫീ ഈടാക്കിക്കൊണ്ട് നിബന്ധനകൾ ഉൾപ്പെടുത്തി പെർമിറ്റനുവദിക്കാവുന്നതാണെന്ന ശുപാർശയോടെയും എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും സമർപ്പിച്ച ഫയലിൽ മാലിന്യ സംസ്കരണ പ്ലാന്റ്, ലിഫ്റ്റ് തുടങ്ങിയവയുടെ കാര്യത്തിൽ റിപ്പോർട്ട് ആവശ്യപ്പെടുകയും, ആയത് ആവശ്യാനുസരണം ഉണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫീ ഈടാക്കി അനുമതി നൽകുന്നതിന് 22.06.2013-ന് സെക്രട്ടറി നിർദ്ദേശിക്കുകയും പ്രസ്തുത ഉത്തരവ് പ്രകാരം പെർമിറ്റ് ഒപ്പ് വെച്ച് നൽകുകയുമുണ്ടായി. 5 കോടി രൂപയ്ക്ക് മുകളിൽ മൂല്യം വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് C R Z ന്റെ അനുമതി ആവശ്യമാമെന്ന് KCZMA നടത്തിയ ബോധവത്ക്കരണ ക്ലാസ്സിൽ ഹാജരായ ഓവർസിയർ 05.03.2014 ന് ഫയലിൽ റിപ്പോർട്ട് ചെയ്തതനുസരിച്ച് കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകുകയും 6 മാസത്തിനകം ഹാജരാക്കേണ്ടിയിരുന്ന എൻ.ഒ.സി. 6 മാസത്തെ സമയം കൂടി അനുവദിച്ച് കിട്ടാൻ കെട്ടിട ഉടമ 07.03.2014 ന് അപേക്ഷിക്കുകയും ആയതിന് നഗരസഭ സാവകാശം നൽകുകയും ചെയ്തു. പ്രസ്തുത നിർമ്മാണം സംബന്ധിച്ച് പരാതിയുണ്ടായതിനെ തുടർന്ന് മുനിസിപ്പൽ എഞ്ചിനീയർ, അസി. എഞ്ചിനീയർ, ഓവർസിയർ എന്നിവർ നിർമ്മാണ

സ്ഥലം പരിശോധിച്ച് അപാകതകൾ റിപ്പോർട്ട് ചെയ്യുകയും ഉടമയ്ക്ക് 28.03.2014-ന് ഷോക്കോസ് നോട്ടീസ് നൽകുകയും ചെയ്തു. നിർമ്മാണ പ്രവർത്തി തുടർന്നപ്പോൾ പോലീസ് സഹായത്തോടെ സൈറ്റ് പരിശോധിച്ച് നിർമ്മാണ പ്രവർത്തിയിൽ ഏർപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് നടപടി തുടരാൻ സെക്രട്ടറി 25.04.2014-ന് നിർദ്ദേശം നൽകി. KCZMA യിൽ നിന്നുള്ള ക്ളിയറൻസ് ലഭിച്ച വിവരം 21.01.2016ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. KCZMA യിൽ മേൽ പെർമിറ്റുമായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണത്തിന്റെ സംഗതിയിൽ ശ്രീ. വിജയൻ തുണ്ടിയിൽ 22.03.2014 ന് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭാ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ സംയുക്തമായി സ്ഥലപരിശോധന നടത്തി അനുവദിച്ച പെർമിറ്റിന് വിരുദ്ധമായ നിർമ്മാണ ന്യൂനതകൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർത്തി വെക്കുന്നതിനും കാരണം കാണിക്കുന്നതിനുമുള്ള നോട്ടീസ് 28.03.2014-ന് കക്ഷിക്ക് നൽകി. ശ്രീ. വിജയൻ തുണ്ടിയിൽ, ശ്രീ. ഹമീദ് കിടഞ്ഞി എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C ) 10808/2014(A) നമ്പർ കേസിലെ 11.04.2014 ലെ പ്രവൃത്തി നിർത്തിവപ്പിക്കാനുള്ള ഉത്തരവ് 24.04.2014 ന് നഗരസഭയിൽ ലഭ്യമായി. അതേ സമയം കോടതി വിധിക്കു മുൻപ്പ തന്നെ നഗരസഭാ സെക്രട്ടറി നോട്ടീസ് നൽകി പ്രവൃത്തി നിർത്തിവെപ്പിച്ചിട്ടുള്ളതിനാൽ കോടതി വിധി പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടി വന്നിട്ടില്ലാത്തതാണെന്നും കാണുന്നു. ഇക്കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ മേൽ കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട നടപടികളുടെ കാര്യത്തിൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ടി.പി. സതീശന്റെ ഭാഗത്ത് കുറ്റകരമായ എന്തെങ്കിലും വീഴ്ച കാണാനായിട്ടില്ലാത്തതിനാൽ ടിയാനെതിരെമേൽ വിഷയത്തിൽ തുടർ നടപടികൾക്ക് പ്രസക്തിയില്ല.

മേൽ വസ്തുതകൾ അംഗീകരിച്ച് ശ്രീ.ടി.പി. സതീശനെതിരായി സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടി അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ.ടി.പി. സതീശന്റെ മറുപടി തൃപ്തികരമാണെന്ന് കാണുന്നില്ലെങ്കിലും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് സർക്കാർ തലത്തിൽ ഉചിത തീരുമാനം എടുക്കാവുന്നതാണെന്ന് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) അറിയിച്ചു.

4 ) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ.ടി.പി. സതീശൻ 30.11.2016 തീയതിയിൽ സർവ്വീസിൽ നിന്ന് വിരമിച്ച സാഹചര്യത്തിലും കോടതി വിധിക്കു മുൻപ്പ തന്നെ നഗരസഭാ സെക്രട്ടറി നോട്ടീസ് നൽകി പ്രവൃത്തി നിർത്തിവെപ്പിച്ചിട്ടുള്ളതിനാൽ കോടതി വിധി പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടി വന്നിട്ടില്ലാത്ത സാഹചര്യത്തിലും, നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ച്, തലശ്ശേരി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ടി.പി.സതീശനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
ചെയർമാൻ/ ചെയർപേഴ്സൺ, തലശ്ശേരി നഗരസഭ.
ശ്രീ.ടി.പി.സതീശൻ,മുനിസിപ്പൽ സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ